**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2208** **13-09-2023 - ൽ മറുപടിയ്ക്ക്**

**എൻഡോസൾഫാൻ ബാധിതരെ കണ്ടെത്താൻ മെഡിക്കൽ ക്യാമ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കാസർകോട്ടെ എൻഡോസൾഫാൻ ബാധിതരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ എൻഡോസൾഫാൻ പീഡിതമുന്നണി പ്രതിനിധികളുമായി മുഖ്യമന്ത്രി അവസാനമായി ചർച്ച നടത്തിയത് എപ്പോൾ എവിടെവെച്ചായിരുന്നുവെന്ന് അറിയിക്കുമോ; | (എ) | പീഡിതമുന്നണി പ്രതിനിധികളുമായി മുഖ്യമന്ത്രി തലത്തിൽ അവസാനമായി ചർച്ച നടത്തിയത് 03.02.2016 ൽ ആണ്. ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ വച്ചാണ് ചർച്ച നടത്തിയത്. |
| (ബി) | പ്രസ്തുത ചർച്ചയിൽ ആരെല്ലാം പങ്കെടുത്തുവെന്നും തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വിശദമാക്കാമോ; | (ബി) | കാസർകോട്ടെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രതിനിധികളുമായി മുൻ മുഖ്യമന്ത്രി 03.02.2016 ൽ നടത്തിയ ചർച്ചയുടെ മിനിട്സ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത തീരുമാനങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | കാസർകോട്ടെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രതിനിധികളുമായി മുൻ മുഖ്യമന്ത്രി 03.02.2016 ൽ നടത്തിയ ചർച്ചയുടെ മിനിട്സ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത തീരുമാനങ്ങളിൽ നടപ്പിലാക്കിയവയും നടപ്പാക്കാത്തവയുമായ തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ഡി) | വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. |
| (ഇ) | എങ്കിൽ തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിയാത്തതിനുള്ള കാരണം വിശദമാക്കാമോ? | (ഇ) | വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

G190 400663

കേരള സർക്കാർ

നം. 1171/സി2/2016/സാനീവ

സാമൂഹ്യനീതി (സി) വകുപ്പ്
തിരുവനന്തപുരം
തീയതി.20.04.2016

സെക്രട്ടറി

1. ശ്രീ.എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ
ബങ്കാരക്കുന്ന് റോഡ്, നെല്ലിക്കുന്ന്,
കാസർഗോഡ് 671 121
2. ശ്രീ.ഇ.ചന്ദ്രശേഖരൻ എം.എൽ.എ
പാർവ്വതി, പെരുമ്പാല,പി.ഒ,
കളനാട് (വഴി), കാസർഗോഡ്
3. ശ്രീ.കെ.കുഞ്ഞിരാമൻ എം.എൽ.എ
അലക്കോട്ട്, പക്കം പി,ഒ,
ബേക്കൽ കോട്ട (വഴി)
കാസർഗോഡ്.671 316
4. ബഹു. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
കൻന്റോൺമെന്റ് ഹൗസ്, വികാസ് ഭവൻ,
തിരുവനന്തപുരം 33.
5. ജില്ലാ കളക്ടർ, കാസർഗോഡ്

6. ഡോ.എം.കെ.ജയരാജ്
ഡയറക്ടർ, എസ്.ഐ.എം.സി.,
പാങ്ങപ്പാറ, തിരുവനന്തപുരം
7. ഡോ.മുഹമ്മദ് അഷീൽ,
അസി.നോഡൽ ഓഫീസർ,
എൻഡോസൽഫാൻ പുനരധിവാസം,
കളക്ടറേറ്റ്, കാസർഗോഡ്
8. ഡോ.ടി.പി.അഷ്റഫ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ,
പൂജപ്പുര, തിരുവനന്തപുരം
9. ഡോ.ജയശ്രീ
ഡെപ്യൂട്ടി കളക്ടർ, കളക്ടറേറ്റ്, കാസർകോഡ്
10. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
11. ഡയറക്ടർ ഇൻ ചാർജ്ജ്, ആരോഗ്യ വകുപ്പ്
തിരുവനന്തപുരം

12. ഡയറക്ടർ, മെഡിക്കൽ എഡ്യുക്കേഷൻ,
തിരുവനന്തപുരം
13. ശ്രീ.അമ്പലത്തറ കുഞ്ഞികൃഷ്ണൻ
പി. ഒ പുല്ലൂർ, കാസർഗോഡ് 671 531
14. ശ്രീമതി.മുനീസ അമ്പലത്തറ
പി.ഒ പുല്ലൂർ, കാസർഗോഡ് 671 531
15. ശ്രീ.അംബികാസുതൻ മാങ്ങാട്
കാഞ്ഞങ്ങാട് സൗത്ത്
പി.ഒ കാഞ്ഞങ്ങാട്, കാസർഗോഡ്
16. ശ്രീമതി നളിനി സി.വി.
കിഴക്കുംകര, പി. അജാനൂർ
കാസർഗോഡ് 671 531
17. ശ്രീമതി പി.പി.ശോഭന
സെൻട്രൽ യൂണിവേഴ്സിറ്റിക്ക സമീപം, ചാലിങ്കാൽ,
പി.ഒ ഹരിപുരം- 671 531, കാസർഗോഡ്

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ് - 3.2.2016 ൽ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ വച്ച് എൻഡോസൾഫാൻ സമരസമിതിയുമായി നടന്ന അനുരഞ്ജന ചർച്ചയുടെ മിനുട്ട്സ് - സംബന്ധിച്ച്

03-02-2016 ൽ ബഹു.മുഖ്യമന്ത്രിയുടെയും ബഹു പ്രതിപക്ഷ നേതാവിന്റെയും സാന്നിധ്യത്തിൽ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ വച്ച് എൻഡോസൾഫാൻ സമരസമിതിയുമായി നടന്ന അനുരഞ്ജന ചർച്ചയുടെ മിനുട്ട്സ് തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ
കെ.എം.ലീലാമണി
അഡീഷണൽ സെക്രട്ടറി
സെക്രട്ടറിയ്ക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

**03-02-2016 ൽ ബഹു.മുഖ്യമന്ത്രിയുടെയും ബഹു പ്രതിപക്ഷ നേതാവിന്റെയും സാന്നിധ്യത്തിൽ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ വച്ച് എൻഡോസൾഫാൻ സമരസമിതിയുമായി നടന്ന അനുരഞ്ജന ചർച്ചയുടെ മിനിട്ട്സ്.**

മീറ്റിംഗിൽ പങ്കെടുത്തവർ

1. ശ്രീ.ഉമ്മൻ ചാണ്ടി
   ബഹു.മുഖ്യമന്ത്രി
2. ശ്രീ.വി.എസ്.അച്യുതാനന്ദൻ
   ബഹു.പ്രതിപക്ഷനേതാവ്
3. ശ്രീ.വി.എസ്.ശിവകമാർ
   ബഹു.ആരോഗ്യവകുപ്പമന്ത്രി
4. ശ്രീ.കെ.പി.മോഹനൻ
   ബഹു.കൃഷിവകപ്പമന്ത്രി
5. ശ്രീ.എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ
   കാസർകോഡ്
6. ശ്രീ.ഇ.ചന്ദ്രശേഖരൻ എം.എൽ.എ
   കാഞ്ഞങ്ങാട്
7. ശ്രീ.കെ.കുഞ്ഞിരാമൻ എം.എൽ.എ
   ഉദുമ
8. ശ്രീ.എ.ഷാജഹാൻ ഐ.എ.എസ്
   സെക്രട്ടറി, സാമൂഹ്യനീതി വകപ്പ്.
9. ശ്രീ.മുഹമ്മദ് സഗീർ ഐ.എ.എസ്,
   കളക്ടർ, കാസർകോഡ് ജില്ല.
10. ഡോ.എം.കെ.ജയരാജ്
    ഡയറക്ടർ, എസ്.ഐ.എം.സി.
11. ഡോ.മുഹമ്മദ് അഷീൽ,
    അസി.നോഡൽ ഓഫീസർ,
    എൻഡോസൽഫാൻ പുനരധിവാസം.
12. ഡോ.ടി.പി.അഷ്റഫ്
    ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ.
13. ഡോ.ജയശ്രീ
    ഡെപ്യൂട്ടി കളക്ടർ, കാസർകോഡ്
14. ശ്രീ.സന്തോഷ് കമാർ
    ഡെപ്യൂട്ടി സെക്രട്ടറി,
    ആരോഗ്യകുടുംബക്ഷേമ വകപ്പ്.
15. ഡോ.രമേഷ് റെയ്ഡിൻ,
    ഡയറക്ടർ ഇൻചാർജ്
    ആരോഗ്യവകപ്പ്.

16. ഡോ.റംലാ ബീവി,
ഡയറക്ടർ, ആരോഗ്യവിദ്യാഭ്യാസ വകുപ്പ്

എൻഡോസൾഫാൻ സമരസമിതി അംഗങ്ങൾ

17. **ശ്രീ.അമ്പലത്തറ കുഞ്ഞികൃഷ്ണൻ**
18. **ശ്രീമതി.മുനീസ അമ്പലത്തറ**
19. **ശ്രീ.അംബികാസുതൻ മാങ്ങാട്**
20. ശ്രീമതി നളിനി സി.വി.
21. ശ്രീമതി പി.വി.ശോഭന

## തീരുമാനങ്ങൾ

(1) സാങ്കേതികത്വം പരിഗണക്കാതെ എൻഡോസൾഫാൻ ദുരിതാശ്വാസ ലിസ്റ്റിൽ ഉൾപ്പെടാതെപോയ 610 പേരെക്കൂടി ലിസ്റ്റിൽ ഉൾപെടുത്താൻ തീരുമാനിച്ചു.

(2) കാസർകോഡ് ജില്ലയിലെ എല്ലാ പഞ്ചായത്തിലുമുള്ളവരെയും മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുപ്പിക്കാൻ തീരുമാനിച്ചു. **കൂടാതെ സംസ്ഥാനത്ത് എവിടെ താമസിച്ചാലും കാസർകോഡ് ജില്ലയിൽ മുമ്പ് താമസിച്ചിട്ടുണ്ടെങ്കിൽ അവർക്കും രോഗാവസ്ഥയുള്ള പക്ഷം ക്യാമ്പുകളിൽ പങ്കെടുക്കാവുന്നതാണ്.**

(3) ക്യാമ്പുകളിൽ പരിശോധിക്കുമ്പോൾ ഡിസെബിലിറ്റി എന്നത് വിശാലാർത്ഥത്തിൽ സ്ഥിരരോഗാവസ്ഥ എന്ന രീതിയിൽ പരിഗണിക്കുന്നതാണ്.

(4) ദേശീയ മനുഷ്യാവകാശ കമ്മീഷൻ പ്രഖ്യാപിച്ച ദുരിതാശ്വാസം ലഭിക്കാത്ത സ്ഥിരവും ഗുരുതരവുമായ അസുഖമുള്ളവർക്ക് 3 ലക്ഷം രൂപയും മറ്റുള്ളവരെ രണ്ടു സ്ളാബായി തിരിച്ച് 2 ലക്ഷം 1 ലക്ഷം എന്നിങ്ങനെ ധനസഹായം നൽകുവാനും തീരുമാനിച്ചു. സ്ളാബ് നിശ്ചയിക്കുന്നതിനായി ഡോ.എം.കെ.ജയരാജ് ചെയർമാനും ഡോ.മുഹമ്മദ് അഷീൽ, ഡോ.ടി.പി.അഷ്റഫ് എന്നിവർ അംഗങ്ങളായും കമ്മറ്റി രൂപീകരിച്ചു.

(5) **അടുത്ത മെഡിക്കൽ ക്യാമ്പ് 2016 ഫെബ്രുവരി അവസാന ആഴ്ചയിൽ ജില്ലയിലെ 5 സ്ഥലങ്ങളിൽ നടത്താൻ തീരുമാനിച്ചു.**

(6) **കടം എഴുതി തള്ളുന്നതിന്റെ ഭാഗമായി ബാങ്കുകൾക്ക് തുക ഒരാഴ്ചക്കുള്ളിൽ നൽകി തുടങ്ങും.**

(7) കാസർകോഡ് ജില്ലാ ആശുപത്രിയിൽ ഒരു ന്യൂറോളജിസ്റ്റിന്റെ സേവനം ഉടൻ ഏർപ്പെടുത്തും.

(8) പെൻഷൻ വിതരണം കളക്ടറുടെ റിപ്പോർട്ട് ലഭ്യമായാലുടൻ ആരംഭിക്കും.

(9) എൻഡോൾഫാൻ ബാധിത മേഖലയിലുള്ള ബഡ്സ് സ്കൂളുകൾക്ക് എയിഡഡ് പദവി നൽകും.

<u>അനുബന്ധം : 2</u>

## കാസർകോട്ടെ എൻഡോസൾഫാൻ ദുരിതബാധിതതരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ എൻഡോസൾഫാൻ പീഡിതമുന്നണി പ്രതിനിധികളുമായി ബഹു. മുൻ-മുഖ്യമന്ത്രി 03.02.2016-ൽ നടത്തിയ ചർച്ചയുടെ മിനിറ്റ്സിലെ തീരുമാനങ്ങളിൽ നടപ്പിലാക്കിയവയും നടപ്പാക്കാത്തവയുമായ തീരുമാനങ്ങൾ എന്തൊക്കെയാണെന്നതിന്റെ വിശദാംശങ്ങൾ/പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിയാത്തതിനുള്ള കാരണം

| ക്രമ നമ്പർ | തീരുമാനം | നടപടി |
|---|---|---|
| 1 | സാങ്കേതികത്വം പരിഗണിക്കാതെ എൻഡോസൾഫാൻ ദുരിതാശ്വാസ ലിസ്റ്റിൽ ഉൾപ്പെടാതെപോയ 610 പേരെകൂടി ലിസ്റ്റിൽ ഉൾപെടുത്താൻ തീരുമാനിച്ചു. | എൻഡോസൾഫാൻ ദുരിത ബാധിത പട്ടികയിൽ ഉൾപ്പെടാതെ പോയ 511 കുട്ടികളെ കൂടി പട്ടികയിൽ ഉൾപ്പെടുത്തി ബഹു. സുപ്രീംകോടതി വിധി പ്രകാരമുള്ള നഷ്ടപരിഹാര ധനസഹായമായ 5,00,000/- രൂപ വീതം അനുവദിച്ചു നൽകിയിട്ടുണ്ട്. |
| 2 | കാസർകോഡ് ജില്ലയിലെ എല്ലാ പഞ്ചായത്തിലുള്ളവരെയും മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുപ്പിക്കാൻ തീരുമാനിച്ചു. കൂടാതെ സംസ്ഥാനത്ത് എവിടെ താമസിച്ചാലും കാസർകോഡ് ജില്ലയിൽ മുമ്പ് താമസിച്ചിട്ടുണ്ടെങ്കിൽ അവർക്കും രോഗാവസ്ഥയുള്ള പക്ഷം ക്യാമ്പുകളിൽ പങ്കെടുക്കാവുന്നതാണ്. | കാസറഗോഡ് ജില്ലയിലെ എല്ലാ പഞ്ചായത്തുകളിൽ ഉള്ളവരെയും ക്യാമ്പുകളിൽ പങ്കെടുപ്പിക്കുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളിൽ മുൻപ് താമസിച്ചവർ നിലവിൽ മറ്റ് ജില്ലകളിൽ താമസിക്കുകയാണെങ്കിലും രോഗാവസ്ഥയുള്ളവരെ ക്യാമ്പുകളിൽ പങ്കെടുപ്പിച്ച് അർഹരായവരെ ലിസ്റ്റിൽ ഉൾപ്പെടുത്തി വരുന്നു. |
| 3 | ക്യാമ്പുകളിൽ പരിശോധിക്കുമ്പോൾ ഡിസബിലിറ്റി എന്നത് വിശാലാർത്ഥത്തിൽ സ്ഥിരരോഗാവസ്ഥ എന്ന രീതിയിൽ പരിഗണിക്കുന്നതാണ്. | നടപടി സ്വീകരിച്ചിട്ടുണ്ട് |
| | ദേശീയ മനുഷ്യാവകാശ കമ്മീഷൻ പ്രഖ്യാപിച്ച ദുരിതാശ്വാസം ലഭിക്കാത്ത സ്ഥിരവും ഗുരുതരവുമായ അസുഖമുള്ളവർക്ക് 3 ലക്ഷം | എൻഡോസൾഫാൻ ദുരിത ബാധിത പട്ടികയിൽ ഉൾപ്പെടാതെ |

| | | |
|---|---|---|
| 4 | രൂപയും മറ്റുള്ളവരെ രണ്ടു സ്ലാബായി തിരിച്ച് 2 ലക്ഷം 1 ലക്ഷം എന്നിങ്ങനെ ധനസഹായം നൽകുവാനും തീരുമാനിച്ചു. സ്ലാബ് നിശ്ചയിക്കുന്നതിനായി ഡോ.എം.കെ.ജയരാജ് ചെയർമാനും ഡോ.മുഹമ്മദ് അഷീൽ, ഡോ.ടി.പി.അഷ്റഫ് എന്നിവർ അംഗങ്ങളായും കമ്മറ്റി രൂപീകരിച്ചു. | പോയ 511 കുട്ടികളെ കൂടി പട്ടികയിൽ ഉൾപ്പെടുത്തി ബഹു. സുപ്രീംകോടതി വിധി പ്രകാരമുള്ള നഷ്ടപരിഹാര ധനസഹായമായ 5,00,000/- രൂപ വീതം അനുവദിച്ചു നൽകിയിട്ടുണ്ട്. |
| 5 | അടുത്ത മെഡിക്കൽ ക്യാമ്പ് 2016 ഫെബ്രുവരി അവസാന ആഴ്ചയിൽ ജില്ലയിലെ 5 സ്ഥലങ്ങളിൽ നടത്താൻ തീരുമാനിച്ചു. | 2017 ഏപ്രിൽ മാസത്തിൽ അഞ്ച് മെഡിക്കൽ ക്യാമ്പുകൾ കാസർഗോഡ് എൻഡോസൽഫാൻ മേഖലയിൽ സംഘടിപ്പിച്ചിട്ടുള്ളതായി ആരോഗ്യ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 6 | കടം എഴുതി തള്ളുന്നതിന്റെ ഭാഗമായി ബാങ്കുകൾക്ക് തുക ഒരാഴ്ചക്കുള്ളിൽ നൽകി തുടങ്ങും. | എൻഡോസൾഫാൻ ദുരിത ബാധിതരുടെ 3 ലക്ഷം രൂപ വരെയുള്ള കടം എഴുതി തള്ളുന്നതിനുള്ള നടപടി കാസർഗോഡ് ജില്ലാ കളക്ടർ സ്വീകരിച്ചിട്ടുണ്ട്. നാളിതുവരെയായി 2153 വായ്പകളിലായി 6,82,70,833/- രൂപ എഴുതി തള്ളിയിട്ടുണ്ട്. |
| 7 | കാസർകോഡ് ജില്ലാ ആശുപത്രിയിൽ ഒരു ന്യൂറോളജിസ്റ്റിന്റെ സേവനം ഉടൻ ഏർപ്പെടുത്തും. | കാസർഗോഡ് ജനറൽ ആശുപത്രിയിലും, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും 2401.2022-ലെ സ. ഉ. (എം.എസ്) നമ്പർ. 23/2022/ആ.കു.വ പ്രകാരം ന്യൂറോളജിസ്റ്റ് തസ്തിക സൃഷ്ടിക്കുകയും സേവനം നൽകുകയും ചെയ്യുന്നു. |
| 8 | പെൻഷൻ വിതരണം കളക്ടറുടെ റിപ്പോർട്ട് ലഭ്യമായാലുടൻ ആരംഭിക്കും. | കാസർഗോഡ് ജില്ലാ കളക്ടർ ലഭ്യമാക്കിയ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൻ പ്രകാരം അർഹരായ 5376 പേർക്ക് സ്നേഹസാന്ത്വനം പദ്ധതി പ്രകാരം പ്രതിമാസ പെൻഷനും, ദുരിത ബാധിതരെ പരിചരിക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി പ്രകാരം 804 പേർക്കും |

| | | |
|---|---|---|
| | | കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖാന്തിരം ധനസഹായം അനുവദിച്ചു വരുന്നു. |
| 9 | എൻഡോൾഫാൻ ബാധിത മേഖലയിലുള്ള ബഡ്സ് സ്കൂളുകൾക്ക് എയിഡഡ് പദവി നൽകും. | എൻഡോൾഫാൻ ദുരിതബാധിത മേഖലയിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകൾക്ക് നിലവിൽ എയിഡഡ് പദവി നൽകിയിട്ടില്ല. എന്നാൽ കാസർഗോഡ് ജില്ലയിലെ എൻഡോൾഫാൻ ദുരിതബാധിത മേഖലയിലെ ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി 10 ബഡ്സ് സ്കൂളുകളെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന മോഡൽ ചൈൽഡ് റിഹാബിലിറ്റേഷൻ സെന്റുകളായി (എം.സി.ആർ.സി) ഉയർത്തുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 6 ബഡ്സ് സ്കൂളുകളെ എം.സി.ആർ.സി ആയി ഉയർത്തുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 4 ബഡ്സ് സ്കൂളുകളെ എം.സി.ആർ.സി ആയി ഉയർത്തുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ സ്വീകരിച്ച് വരുന്നു. |

കൂടാതെ 03.02.2016-ൽ ബഹു. മുൻ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ ചർച്ചയുടേയും, 04.02.2019-ൽ ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടേയും, ബഹു. ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് മന്ത്രിയുടേയും നേതൃത്വത്തിൽ നടന്ന യോഗത്തിലേയും തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ 02.03.2019-ലെ സ. ഉ. (സാധാ) നമ്പർ. 124/2019/സാ.നീ.വ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത 04.02.2019-ലെ ചർച്ചയുടെ മിനിറ്റ്സിന്റെ പകർപ്പും, 02.03.2019-ലെ സ. ഉ. (സാധാ) നമ്പർ. 124/2019/സാ.നീ.വ നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പും അനുബന്ധം 3, 4-ആയി ചേർത്തിട്ടുണ്ട്. പ്രസ്തുത 02.03.2019-ലെ സ. ഉ. (സാധാ) നമ്പർ. 124/2019/സാ.നീ.വ നമ്പർ സർക്കാർ ഉത്തരവിലെ 9-ഇന തീരുമാനങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | തീരുമാനം | നടപടി |
|---|---|---|
| 1 | നേരത്തെ മെഡിക്കൽ സംഘം ശിപാർശ ചെയ്തവരുടെ കാര്യത്തിൽ വീണ്ടും പരിശോധന നിർബന്ധമാക്കേണ്ടതില്ല. 2017-ലെ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത 1905 പേരിൽ 18 വയസ്സിൽ താഴെയുണ്ടായിരുന്ന കുട്ടികളെ മെഡിക്കൽ സംഘത്തിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾക്കായി ഉൾപ്പെടുത്തേണ്ടതാണ്. കാസർഗോഡ് ജില്ലാ കളക്ടർ ഇക്കാര്യത്തിൽ ആവശ്യമായ പരിശോധന നടത്തി തീരുമാനമെടുക്കേണ്ടതാണ്. | എൻഡോസൾഫാൻ ദുരിത ബാധിത പട്ടികയിൽ ഉൾപ്പെടാതെ പോയ 511 കുട്ടികളെ കൂടി പട്ടികയിൽ ഉൾപ്പെടുത്തി ബഹു. സുപ്രീംകോടതി വിധി പ്രകാരമുള്ള നഷ്ടപരിഹാര ധനസഹായമായ 5,00,000/- രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്. |
| 2 | ക്യാമ്പ് നടന്ന ദിവസം ഹർത്താലായതുകാരണം ക്യാമ്പിൽ പങ്കെടുക്കാൻ കഴിയാതിരുന്നവരും പങ്കെടുക്കാൻ സ്ലിപ്പ് ലഭിച്ചവരുമായിട്ടുള്ള എല്ലാപേരെയും ഉൾപ്പെടുത്തി ക്യാമ്പ് ജില്ലാ കളക്ടർ നടത്തേണ്ടതാണ്. | മുൻ നിശ്ചയിച്ച ക്യാമ്പിൽ അന്നേ ദിവസത്തെ ഹർത്താൽ കാരണം പങ്കെടുക്കാൻ കഴിയാത്തവർക്കായി 10.07.2019 തീയതിയിൽ വീണ്ടും മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി. |
| 3 | പഞ്ചായത്തുകളുടെ അതിർത്തി കണക്കാകാതെ എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളിൽ നിന്നും പുറത്തുപോയി താമസിക്കുന്നവരെ കൂടി പരിഗണിച്ച് മാനദണ്ഡമനുസരിച്ച് പരിശോധിച്ച് അർഹരായവരെയും എൻഡോസൾഫാൻ ദുരിതബാധിത ലിസ്റ്റിൽ | കാസറഗോഡ് ജില്ലയിലെ എല്ലാ പഞ്ചായത്തുകളിൽ ഉള്ളവരെയും ക്യാമ്പുകളിൽ പങ്കെടുപ്പിക്കുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളിൽ മുൻപ് താമസിച്ചവർ നിലവിൽ മറ്റ് ജില്ലകളിൽ താമസിക്കുകയാണെങ്കിലും |

| | | |
|---|---|---|
| | ഉൾ പ്പെടുത്താൻ വേണ്ട നടപടികൾ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്. | രോഗാവസ്ഥയുള്ളവരെ ക്യാമ്പുകളിൽ പങ്കെടുപ്പിച്ച് അർഹരായവരെ ലിസ്റ്റിൽ ഉൾപ്പെടുത്തി വരുന്നു. |
| 4 | ഒരേ വീട്ടിൽ സമാന സ്വഭാവത്തിൽ അസുഖം ബാധിച്ച രണ്ടു കുട്ടികൾ ഉണ്ടായിരിക്കുകയും ഒരു കുട്ടി എൻഡോസൾഫാൻ ദുരിതബാധിത ലിസ്റ്റിൽ ഉൾപ്പെടുകയും മറ്റേ കുട്ടി ഉൾപ്പെടാതിരിക്കുകയും ചെയ്യുന്ന അവസരത്തിൽ രണ്ടു കുട്ടികളെയും എൻഡോസൾഫാൻ ദുരിതബാധിത ലിസ്റ്റിൽ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്. | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 5 | എൻഡോസൾഫാൻ ദുരിതബാധിതരുടെ 50,000/- രൂപ മുതൽ 3 ലക്ഷം രൂപ വരെയുള്ള കടബാധ്യതകൾ എഴുതിതള്ളുന്നതിനുള്ള നടപടികൾ അടിയന്തിരമായി ജില്ലാ കളക്ടർ പൂർത്തീകരിക്കേണ്ടതാണ്. | എൻഡോസൾഫാൻ ദുരിത ബാധിതരുടെ 3 ലക്ഷം രൂപ വരെയുള്ള കടം എഴുതി തള്ളുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നാളിതുവരെയായി 2153 വായ്പകളിലായി 6,82,70,833/- രൂപ എഴുതി തള്ളിയിട്ടുണ്ട്. |
| | | കാസറഗോഡ് ജില്ലയിൽ 11 ബഡ്സ് സ്കൂളുകൾ എൻഡോസൾഫാൻ ദുരിത ബാധിത കുട്ടികളുടെ വിദ്യാഭ്യാസ ശാരീരിക മാനസിക ഉന്നതിക്കായി വളരെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ |

| | | |
|---|---|---|
| 6 | ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം പുനർ ആരംഭിക്കുന്നതിനുള്ള നടപടികൾ സാമൂഹിക നീതി വകുപ്പുമായി ചേർന്ന് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്. | ഭാഗമായി 6 ബഡ്സ് സ്കൂളുകളെ മോഡൽ റീഹാബിലിറ്റേഷൻ സെന്ററുകളായി (എം.സി.ആർ.സി) ഉയർത്തുന്നതിന്റെ നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖാന്തിരം സ്വീകരിക്കുകയും, അവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാസർഗോഡ് എൻഡോൾഫാൻ ബാധിത മേഖലയിലുള്ള ബഡ്സ് സ്കൂളുകളുടെ നടത്തിപ്പിന് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നല്കൽ എന്ന പദ്ധതിയിൻ പ്രകാരം 38,00,000/- രൂപയും (28,00,000/- + 10,00,000/- എന്നീ ക്രമത്തിൽ), ബഡ്സ് സ്കൂളുകൾക്ക് ഫർണ്ണീച്ചർ വാങ്ങൽ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ എന്ന പദ്ധതിയിൻ പ്രകാരം 10,00,000/- രൂപയും വകയിരുത്തിയിട്ടുണ്ടെന്ന് കാസർഗോഡ് ജില്ലാ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. |
| 7 | എൻഡോസൾഫാൻ പുനരധിവാസ ഗ്രാമം നിർ മാണപ്രവർ ത്തനം സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സാമൂഹിക നീതി വകുപ്പുമായി ചേർന്ന് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്. | കാസറഗോഡ് ജില്ലയിലെ മുളിയാർ ഗ്രാമപഞ്ചായത്തിൽ എൻഡോസൾഫാൻ പുനരധിവാസ ഗ്രാമത്തിന്റെ ആദ്യഘട്ട നിർമ്മാണപ്രവർത്തനങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ പുരോഗമിച്ചു വരുന്നു. |
| | | |

| | | |
|---|---|---|
| 8 | എല്ലാ എൻഡോസൾഫാൻ ദുരിതബാധിതരേയും BPL ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതാണ്. | എൻഡോസൾഫാൻ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ സാമ്പത്തികസ്ഥിതി കണക്കിലെടുക്കാതെ ഇത്തരം കുടുംബങ്ങളെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 9 | മെ.പെസ്റ്റിസൈഡ് ഇന്ത്യാ ലിമിറ്റഡുമായി ബന്ധപ്പെട്ട് എൻഡോസൾഫാൻ സ്റ്റോക്ക് ഇരിക്കുന്നത് നിർവീര്യമാക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ ത്വരിതപ്പെടുത്തേണ്ടതാണ്. | എൻഡോസൾഫാൻ കീടനാശിനി സ്റ്റോക്ക് നിർവീര്യമാക്കുന്നതുമായി ബന്ധപ്പെട്ട് ശക്തമായ പൊതുജന പ്രക്ഷോഭം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നടപടികൾ താത്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. |

12-09-2023 **പിണറായി വിജയൻ**

**മുഖ്യമന്ത്രി**

1/2/2015



# എൻഡോസൾഫാൻ സമരക്കാരുടെ പ്രതിനിധികളുമായി ബഹു.റവന്യൂ മന്ത്രിയും ബഹു.ആരോഗ്യവകുപ്പ് മന്ത്രിയും നിയമസഭാ കോംപ്ലക്സിലെ 610-ാം നമ്പർ മുറിയിൽ വച്ച് നടത്തിയ യോഗത്തിന്റെ മിനിറ്റ്സ്.

യോഗം രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 601-ാം നമ്പർ മുറിയിൽ ആരംഭിച്ചു. ബഹു.റവന്യൂമന്ത്രി, ബഹു.ആരോഗ്യ മന്ത്രി, സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറി, കാസർഗോഡ് ജില്ലാ കളക്ടർ തുടങ്ങിയവർ പങ്കെടുത്തു.

സമരക്കാരുടെ പ്രതിനിധികൾ അവർ ഉന്നയിച്ച ആവശ്യങ്ങൾ എല്ലാം അംഗീകരിക്കണമെന്ന നിലപാട് സ്വീകരിച്ചു. 2013-ൽ സർക്കാർ നിശ്ചയിച്ച മാനദണ്ഡ പ്രകാരം പ്രാദേശികമായി വിദഗ്ദ്ധ ഡോക്ടർമാർ അടങ്ങുന്ന സംഘം പരിശോധിച്ച് ആദ്യം തയ്യാറാക്കിയ ലിസ്റ്റിൽ 1905 പേർ ഉൾപ്പെട്ടിട്ടുണ്ടെന്നും ടി ആളുകളെ മൊത്തം എൻഡോസൾഫാൻ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നും ഉള്ള ഡിമാൻഡിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ലെന്നും നിലപാടെടുത്തു.

ബഹു.റവന്യൂ മന്ത്രി ഇനി പറയുന്ന കാര്യങ്ങൾ ചൂണ്ടിക്കാട്ടി. എൻഡോസൾഫാൻ സെല്ലിന്റെ ചെയർമാൻ എന്ന നിലയിൽ ഇക്കാര്യങ്ങളെല്ലാം നേരിട്ട് അറിയാവുന്നതാണെന്നും വളരെ വലിയ തോതിലുള്ള കഷ്ടതകളാണ് എൻഡോസൾഫാൻ ദുരിതബാധിതർ അനുഭവിക്കുന്നതെന്നും അതുകൊണ്ടു തന്നെ സർക്കാർ വളരെ അനുഭാവപൂർവ്വമായ സമീപനമാണ് ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ചുപോരുന്നതെന്നും അതിരുകൾ സംബന്ധിച്ച് ഉന്നയിച്ച ആക്ഷേപം ശരിയല്ലായെന്നും ആയത് എല്ലാ കാര്യത്തിലും ബാധകമാക്കിയിട്ടില്ലാത്തതാണെന്നും, എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളിൽ നിന്ന് മറ്റ് പഞ്ചായത്തുകളിൽ പോയി താമസിക്കുകയാണെങ്കിൽ അവരെ കൂടി ഉൾപ്പെടുത്തുന്നുണ്ടെന്നും 1905 പേരുടെ ലിസ്റ്റിനെ സംബന്ധിച്ച് എൻഡോസൾഫാൻ സെല്ലിന്റെ മീറ്റിംഗ് കൂടുന്നതിനു



Generated from eOffice by SHAKKEELA A R, SG-ASST (A1) SJD, SG-ASST (A1) SJD, SJD on 01/09/2023 03:36 PM

മുമ്പുതന്നെ പത്രങ്ങളിലും മറ്റും ആരോ കൊടുത്തതാണെന്നും പ്രസ്തുത ലിസ്റ്റിൽ നിന്നും മാനദണ്ഡങ്ങൾ പ്രകാരം വീണ്ടും പരിശോധിച്ചതിനുശേഷമാണ് യഥാർത്ഥ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നതെന്നും 2013-ൽ അംഗീകരിച്ച മാനദണ്ഡങ്ങളാണ് ഇക്കാര്യത്തിൽ പിൻതുടരുന്നതെന്നും 1905 പേരിൽ ഒഴിവാക്കപ്പെട്ടിട്ടുള്ളവരുടെ കാര്യത്തിൽ ഒരിക്കൽ കൂടി വിദഗ്ദ്ധ സംഘത്തെകൊണ്ട് പരിശോധിക്കുന്നതിന് തടസ്സമില്ലെന്നും അർഹരായ എല്ലാവരെയും ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നുതന്നെയാണ് സർക്കാരിന്റെ ഉദ്ദേശമെന്നും ഹർത്താൽ കാരണം ക്യാമ്പിൽ പങ്കെടുക്കാൻ കഴിയാതിരുന്നവർക്കുവേണ്ടി ഒരിക്കൽ കൂടി ക്യാമ്പ് നടത്താവുന്നതാണെന്നും ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ കര്യങ്ങളും സർക്കാർ പരിശോധിക്കുമെന്നും റവന്യൂ മന്ത്രി അറിയിച്ചു.

ബഹു.ആരോഗ്യവകുപ്പു മന്ത്രി താഴെ പറയുന്ന കാര്യങ്ങൾ പറയുകയുണ്ടായി. 1905 പേരെ തെരഞ്ഞെടുത്തത് വിദഗ്ദ്ധ ഡോക്ടർമാരുടെ സംഘമാണെന്നും അത് ഒരു അന്തിമ ലിസ്റ്റ് അല്ലെന്നും അത് ബയോളജിക്കൽ പോസിബിലിറ്റി ലിസ്റ്റ് ആണെന്നും പ്രസ്തുത ലിസ്റ്റ് മാനദണ്ഡങ്ങൾ പ്രകാരം പരിശോധിച്ചാണ് യഥാർത്ഥ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളതെന്നും അക്കാര്യത്തിൽ ആക്ഷേപമുണ്ടെങ്കിൽ ഒരിക്കൽ കൂടി വിദഗ്ദ്ധ സംഘത്തെകൊണ്ട് പരിശോധിപ്പിക്കാവുന്നതാണെന്നും ലിസ്റ്റിൽ വന്നിട്ടുള്ള മുഴുവൻ പേർക്കും സൗജന്യ ചികിത്സ നൽകുന്നുണ്ടെന്നും ലിസ്റ്റിൽ വരാത്തതും ദരിദ്ര കുടുംബത്തിലുള്ളവരും എൻഡോസൾഫാൻ ഇരകൾ ആയിരുന്നു എന്നു സംശയമുള്ളതും ആയ കേസുകളിൽ മറ്റ് ഏതെങ്കിലും പദ്ധതി പ്രകാരം സൗജന്യ ചികിത്സ നൽകാമെന്നും 7.93 ലക്ഷം വൈകല്യങ്ങൾ ഉള്ളവർ കേരളത്തിലുണ്ട് എന്നും എൻഡോസൾഫാൻ ദുരതിബാധിതരുടെ കാര്യത്തിൽ ഒരേ വീട്ടിൽ സമാന സ്വഭാവത്തിൽ അസുഖം ബാധിച്ച രണ്ടു കുട്ടികൾ ഉണ്ടായിരിക്കുകയും ഒരു കുട്ടി എൻഡോസൾഫാൻ ലിസ്റ്റിൽ ഉൾപ്പെടുകയും മറ്റേ കുട്ടി ഉൾപ്പെടാതിരിക്കുകയും ചെയ്യുന്ന സംഗതിയിൽ മറ്റേ കുട്ടിയെ കൂടി ഉൾപ്പെടുത്താവുന്നതാണെന്നും എൻഡോസൾഫാൻ ദുരതിബാധിതരുടെ കാര്യം സർക്കാർ അനുഭാവ



Generated from eOffice by SHAKKEELA A R, SG-ASST (A1) SJD, SG-ASST (A1) SJD, SJD on 01/09/2023 03:36 PM

പൂർവ്വമാണ് പരിഗണിച്ചുവരുന്നതെന്നും ബഹു. ആരോഗ്യവകുപ്പ് മന്ത്രി പറഞ്ഞു.

വിശദമായ ചർച്ചകൾക്കുശേഷം ഇനി പറയുന്ന കാര്യങ്ങൾ തീരുമാനിച്ചു.

1) ഡോക്ടർമാരുടെ വിദഗ്ദ്ധ സംഘം കാമ്പ് നടത്തി പരിശോധനകൾക്കുശേഷം ബയോളജിക്കൽ പ്രോസിബിലിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയ 1905 പേരുടെ കാര്യത്തിൽ വിദഗ്ദ്ധ സംഘത്തെക്കൊണ്ട് ഒരിക്കൽ കൂടി പുനഃപരിശോധിച്ച് മാനദണ്ഡങ്ങൾ അനുസരിച്ചുള്ള പരിശോധനയിൽ അർഹതയുള്ളവരാണെന്നു കാണുന്ന മുഴുവൻ പേരെയും ഉൾപ്പെടുത്താം. 1905 പേരുടെ ലിസ്റ്റും മാനദണ്ഡങ്ങളുടെ പകർപ്പും സമരക്കാരുടെ പ്രതിനിധികൾക്കു നൽകി.

2) ക്യാമ്പ് നടന്ന ദിവസം ഹർത്താൽ ഉണ്ടായിരുന്നതു കാരണം ക്യാമ്പിൽ പങ്കെടുക്കാൻ കഴിയാതിരുന്നതും എന്നാൽ ക്യാമ്പുകളിൽ പരിശോധനയ്ക്കായി വരുന്നതിന് സ്ലിപ്പ് ലഭിച്ചിരുന്നവരുമായ എല്ലാവരെയും ഉൾപ്പെടുത്തി ഒരിക്കൽ കൂടി ക്യാമ്പ് നടത്താം.

3) പഞ്ചായത്തുകളുടെ അതിർത്തി ഏതെന്ന് കണക്കാക്കാതെ എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളിൽ നിന്നും പുറത്തുപോയി താമസിക്കുന്നവരെ കൂടി പരിഗണിച്ച് മാനദണ്ഡമനുസരിച്ച് പരിശോധിച്ച് അർഹരായവരെ ഉൾപ്പെടുത്താം.

4) ഒരേ വീട്ടിൽ സമാന സ്വഭാവത്തിൽ അസുഖം ബാധിച്ച രണ്ടു കുട്ടികൾ ഉണ്ടായിരിക്കുകയും ഒരു കുട്ടി എൻഡോസൾഫാൻ ലിസ്റ്റിൽ ഉൾപ്പെടുകയും മറ്റേ കുട്ടി ഉൾപ്പെടാതിരിക്കുകയും ചെയ്യുന്ന സംഗതിയിൽ മറ്റേ കുട്ടിയെ കൂടി ഉൾപ്പെടുത്താം.

5) എൻഡോസൾഫാൻ ദുരിതബാധിതരുടെ 50,000 രൂപവരെയുള്ള കടബാധ്യത എഴുതി തള്ളുന്നതിനു 2.67 കോടി നൽകി നടപടികൾ പൂർണ്ണമാക്കി. 50,000 മുതൽ 3,00,000 വരെയുള്ള കടബാധ്യത എഴുതി തള്ളുന്നതിനായി 4.63 കോടി അനുവദിച്ചു. അത് ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകി ഉടൻ നടപടികൾ പൂർത്തിയാക്കും.

20 /LR/III(Rev)/17



6) ബഡ്സ്കൂളുകളുടെ കാര്യത്തിൽ 6 എണ്ണം സർക്കാരിന്റെ 1000 ദിവസം പൂർത്തിയാക്കുന്ന ഫെബ്രുവരി 28-ന് മുമ്പ് പ്രവർത്തനം ആരംഭിക്കും. ബാക്കി 3 എംഎണ്ണം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

7) എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി ഒരു പ്രത്യേക വില്ലേജ് തുടങ്ങുന്നതിനു ഊരാളുങ്കൽ സൊസൈറ്റി പ്രവർത്തി ഏറ്റെടുത്തിട്ടുണ്ട്. സമയബന്ധിതമായി പൂർത്തിയാക്കും.

8) നഷ്ടപരിഹാരം നിശ്ചയിക്കുന്നതിന് ട്രിബ്യൂണൽ ഏർപ്പെടുത്തേണ്ടതില്ല.

9) എൻഡോസൾഫാൻ ദുരിത ബാധിതരെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയാണ് റേഷനും മറ്റും നൽകുന്നത്. എന്നാൽ റേഷൻ സമ്പ്രദായത്തിൽ കേന്ദ്രസർക്കാർ കൊണ്ടുവന്ന പുതിയ മാനദണ്ഡമനുസരിച്ച് നിശ്ചിത ആളുകളെ മാത്രമെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തു എന്നതിനാൽ എല്ലാ എൻഡോസൾഫാൻ ദുരിത ബാധിതരും ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടുവരികയില്ല. അവരെ കൂടി ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സിവിൽ സപ്ലൈസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നടപടികൾ ത്വരിതപ്പെടുത്തും.

10) എൻഡോസൾഫാൻ സ്റ്റോക്ക് ഇരിക്കുന്നത് നശിപ്പിക്കുന്നതിനു മെ.പെസ്റ്റിസൈഡ് ഇൻഡ്യാ ലിമിറ്റഡുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നുണ്ട്. നടപടികൾ ത്വരിതപ്പെടുത്താം.

------------

1/2/2019

ഇ. ചന്ദ്രശേഖരൻ
റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി
കേരള സർക്കാർ

കെ.കെ. ശൈലജ ടീച്ചർ
ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രി

Mini. (Health & Social Justice)

CM.



Generated from eOffice by SHAKKEELA A R, SG-ASST (A1) SJD, SG-ASST (A1) SJD, SJD on 01/09/2023 03:36 PM

**"ഭരണഭാഷ– മാതൃഭാഷ"**



**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് – കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ബഹു :മുഖ്യമന്ത്രിയുടെയും ബഹു :റവന്യൂ ,സാമൂഹ്യനീതി വകുപ്പ് മന്ത്രിമാരുടെയും നേതൃത്വത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രതിനിധികളുമായി നടത്തിയ ചർച്ചകൾക്കുശേഷം തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (സി) വകുപ്പ്**

G.O.(Rt)No.124/2019/SJD തീയതി,തിരുവനന്തപുരം, 02/03/2019

---

പരാമർശം:- 1 എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി സമർപ്പിച്ച നിവേദനം

2 എൻഡോസൾഫാൻ സമരപ്രതിനിധികളുമായി ബഹു.റവന്യൂ വകുപ്പ് മന്ത്രിയും ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയും ചേർന്ന യോഗം.

3 എൻഡോസൾഫാൻ പുനരധിവാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 3/2/2019 ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം.

**<u>ഉത്തരവ്</u>**

എൻഡോസൾഫാൻ സമരപ്രതിനിധികളുമായി ബഹു :റവന്യൂ ,സാമൂഹ്യനീതി വകുപ്പ് മന്ത്രിമാർ ചർച്ച നടത്തുകയും തുടർന്ന് ബഹു മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ തുടർചർച്ച നടത്തുകയും ചെയ്തു കൈകൊണ്ട തീരുമാനങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

1. നേരത്തെ മെഡിക്കൽ സംഘം ശിപാർശ ചെയ്തവരുടെ കാര്യത്തിൽ വീണ്ടും പരിശോധന നിർബന്ധമാക്കേണ്ടതില്ല. 2017ലെ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത 1905 പേരിൽ 18 വയസ്സിൽ താഴെയുണ്ടായിരുന്ന കുട്ടികളെ മെഡിക്കൽ സംഘത്തിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾക്കായി ഉൾപ്പെടുത്തേണ്ടതാണ്.. കാസർഗോഡ് ജില്ലാ കളക്ടർ ഇക്കാര്യത്തിൽ ആവശ്യമായ



Generated from eOffice by SHAKKEELA A R, SG-ASST (A1) SJD, SG-ASST (A1) SJD, SJD on 01/09/2023 03:36 PM

പരിശോധന നടത്തി തീരുമാനമെടുക്കേണ്ടതാണ്.

2. ക്യാമ്പ് നടന്ന ദിവസം ഹർത്താലായതുകാരണം ക്യാമ്പിൽ പങ്കെടുക്കാൻ കഴിയാതിരുന്നവരും പങ്കെടുക്കാൻ സ്ലിപ്പ് ലഭിച്ചവരുമായിട്ടുള്ള എല്ലാപേരെയും ഉൾപ്പെടുത്തി ക്യാമ്പ് ജില്ലാ കളക്ടർ നടത്തേണ്ടതാണ്.
3. പഞ്ചായത്തുകളുടെ അതിർത്തി കണക്കാകാതെ എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളിൽ നിന്നും പുറത്തുപോയി താമസിക്കുന്നവരെ കൂടി പരിഗണിച്ച് മാനദണ്ഡമനുസരിച്ച് പരിശോധിച്ച് അർഹരായവരെയും എൻഡോസൾഫാൻ ദുരിതബാധിത ലിസ്റ്റിൽ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.
4. ഒരേ വീട്ടിൽ സമാന സ്വഭാവത്തിൽ അസുഖം ബാധിച്ച രണ്ടു കുട്ടികൾ ഉണ്ടായിരിക്കുകയും ഒരു കുട്ടി എൻഡോസൾഫാൻ ദുരിതബാധിത ലിസ്റ്റിൽ ഉൾപ്പെടുകയും മറ്റേ കുട്ടി ഉൾപ്പെടാതിരിക്കുകയും ചെയ്യുന്ന അവസരത്തിൽ രണ്ടു കുട്ടികളെയും എൻഡോസൾഫാൻ ദുരിതബാധിത ലിസ്റ്റിൽ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.
5. എൻഡോസൾഫാൻ ദുരിതബാധിതരുടെ 50,000/- രൂപ മുതൽ 3 ലക്ഷം രൂപ വരെയുള്ള കടബാധ്യതകൾ എഴുതിതള്ളുന്നതിനുള്ള നടപടികൾ അടിയന്തിരമായി ജില്ലാ കളക്ടർ പൂർത്തീകരിക്കേണ്ടതാണ്.
6. ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം പുനർ ആരംഭിക്കുന്നതിനുള്ള നടപടികൾ സാമൂഹിക നീതി വകുപ്പുമായി ചേർന്ന് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.
7. എൻഡോസൾഫാൻ പുനരധിവാസ ഗ്രാമം നിർമാണപ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സാമൂഹിക നീതി വകുപ്പുമായി ചേർന്ന് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ് .
8. എല്ലാ എൻഡോസൾഫാൻ ദുരിതബാധിതരേയും BPL ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതാണ്.
9. മെ.പെസ്റ്റിസൈഡ് ഇന്ത്യാ ലിമിറ്റഡുമായി ബന്ധപ്പെട്ട് എൻഡോസൾഫാൻ സ്റ്റോക്ക് ഇരിക്കുന്നത് നിർവീര്യമാക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ ത്വരിതപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BIJU PRABHAKAR
SPECIAL SECRETARY

പകർപ്പ്

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം.

ജില്ലാ കളക്ടർ, കാസർഗോഡ്.



Generated from eOffice by SHAKKEELA A R, SG-ASST (A1) SJD, SG-ASST (A1) SJD, SJD on 01/09/2023 03:36 PM

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ ,ഊരാലുങ്കൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി ,കോഴിക്കോട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/(എ & ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

ഭക്ഷ്യപൊതുവിതരണ വകുപ്പ്

കൃഷിവകുപ്പ്

വിവര-പൊതുജന സമ്പർക്ക വകുപ്പ്, വെബ് & ന്യൂ മീഡിയ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ



Generated from eOffice by SHAKKEELA A R, SG-ASST (A1) SJD, SG-ASST (A1) SJD, SJD on 01/09/2023 03:36 PM